3011 3601 A1

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം, വന്യജീവി വകുപ്പ്-- തൃശ്ശൂർ ഡിവിഷൻ-- പീച്ചി, പട്ടിക്കാട് റെയിഞ്ചിൽ 400 കെ.വി. ലൈൻ കടന്നു പോകുന്ന സ്ഥലത്തു നിന്നിരുന്ന മരങ്ങൾ മുറിച്ചു ശേഖരിച്ചു് അട്ടിവച്ചിരിക്കുന്നതു് സ്ഥലത്തുവച്ചു് ലേലം ചെയ്തു് വില്ക്കുന്നതിനു് നിർദ്ദേശം കൊടുത്ത ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി അംഗീകരിച്ചു് ഉത്തരവു പുറപ്പെടുവിക്കുന്നു.

==========================================

വനം, വന്യജീവി (ബി) വകുപ്പു്

ജി.ഒ.(ആർ.റ്റി) നം.408/92/വനം. തിരുവനന്തപുരം, തീ.9.11.92

==========================================

പരാമർശം: ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 1.7.92 ലെ സി5-14558/92 എന്ന കത്തു്.

## ഉത്തരവു്

തൃശ്ശൂർ ഉടുമൽപ്പേട്ട 400 കെ.വി. ലൈൻ നിർമ്മാണത്തിനായി പീച്ചി, പട്ടിക്കാട് റെയിഞ്ചു് പരിധിയിൽ 400.കെ.വി.ലൈൻ കടന്നുപോകുന്ന വനഭൂമിയിൽ നിന്നിരുന്ന മരങ്ങൾ മുറിച്ചു ശേഖരിച്ചു് അട്ടിവച്ചിരിക്കുന്ന സ്ഥലത്തുവച്ചു് ലേലംചെയ്തു വില്ക്കുന്നതിനു് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശക്കത്തിൽ അനുമതി തേടിയിരിക്കുന്നു.

പീച്ചി, പട്ടിക്കാട് റെയിഞ്ചു് പരിധിയിൽവരുന്ന 12.6512 ഹെക്ടർ സ്ഥലം നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷനു് വിട്ടുകൊടുക്കുവാൻ ഉത്തരവായതനുസരിച്ചു് മരങ്ങൾ കഴിയുന്നത്ര വേഗത്തിൽ മുറിച്ചു നീക്കേണ്ടിയിരുന്നതിനാൽ ബന്ധപ്പെട്ട ജോലികൾ വകുപ്പുതലത്തിൽ ചെയ്യുകയും ഈട്ടിത്തടിയും, ഈട്ടിവിറകും മുട്ടികൾ ഗവ: ഡിപ്പോയിലും മറ്റുള്ള തടികൾ ചെട്ടിക്കുളം ഡിപ്പോയിലും ഇറക്കി ലേലം ചെയ്യാനാണു് ഉദ്ദേശിച്ചിരുന്നതെങ്കിലും ലോഡിംഗ് അൺലോഡിംഗ്, ട്രാൻസ്പോർട്ടിംഗ് എന്നിവയ്ക്കു് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കു് നിലവിലുള്ള നിരക്കിനേക്കാൾ വളരെ കുറവും സർക്കാർനിരക്കിൽ ഈ ജോലി ഏറ്റെടുത്തു് നടത്തുവാൻ ആരും തയ്യാറായില്ല എന്നതിനാലും മേല്പറഞ്ഞ തടിയും വിറകും സ്ഥലത്തുവച്ചു

A1 27/11/92

ലേലം ചെയ്തു വില്ക്കുന്നതായിരിക്കും ലാഭകരം എന്നും ചീഫ് ഫോറസ്റ്റ് കൺസർവേറർ റിപ്പോർട്ടു ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഈട്ടിത്തടിയും ഈട്ടി വിറകും ഒഴികെ മുറിച്ചു് അടിവച്ചിട്ടുള്ള തടിയും വിറകും (ഇലവുമരങ്ങൾ മുറിച്ചു ശേഖരിക്കുന്നതുൾപ്പെടെ) സ്ഥലത്തുവച്ചു് നിയമാനുസരണം ലേലം ചെയ്തു വില്ക്കുന്നതിനും, ഈട്ടിത്തടിയും വിറകും മുടിക്കൽ ഡിപ്പോയിലിറക്കുന്നതിനും അനുമതി നല്കികൊണ്ടു് ഉത്തരവു് പുറപ്പെടുവിക്കുന്നു.

സർക്കാർ അനുമതി പ്രതീക്ഷിച്ചുകൊണ്ടു് തൃശ്ശൂർ ഫോറസ്റ്റ് കൺസർവേറർക്കു് ഇപ്രകാരം നിർദ്ദേശം നല്കിയ ചീഫ് ഫോറസ്റ്റ് കൺസർവേററുടെ നടപടിയും അംഗീകരിച്ചു് ഉത്തരവു് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. പത്മനാഭകുറിപ്പു്,
ജോയിൻറു് സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറർ.
അക്കൗണ്ടൻറു് ജനറൽ (ആഡിറ്റ്) (എ ആൻറു് ഇ), തിരുവനന്തപുരം.
സ്റ്റോക്കുഫയൽ.

ഉത്തരവിൻ പ്രകാരം,

ഒപ്പു്

സെക്ഷൻ ഓഫീസർ.

<u>മേലെഴുത്തു് നം.സി5-14558/92 തീ.20.11.92.</u>

ചീഫ് ഫോറസ്റ്റ് കൺസർവേററുടെ ഓഫീസ്,
തിരുവനന്തപുരം.

പകർപ്പു് കൺസർവേറർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തൃശ്ശൂർ എന്നിവർക്കു് അനന്തരനടപടിക്കായി അയക്കുന്നു.

TR - 2886/91
A1 - 1589/92

ചീഫ് ഫോറസ്റ്റ് കൺസർവേറർക്കു വേണ്ടി.

പി.കെ.23.11.